# 411

1 കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവയൊന്നേയെന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തു വന്നിടിലും
കർത്താവിൻ പാദം ചേർന്നു ചൊല്ലും ഞാൻ-

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവെ
ഇത്രനൽ രക്ഷകൻ വേറെയില്ലൂഴിയിൽ ഹല്ലേലുയ്യാ പാടും ഞാൻ

2 തൻ സ്വന്തജീവൻ തന്ന രക്ഷകൻ തള്ളുകില്ലയേതു ദുഃഖനാളിലും
തൻതിരു കൈകളാൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊൽവാൻ പോരാ വാക്കുകറ്റ-

3 വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിരപോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും-

4 എൻ സ്വന്തബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനാം?
കൈവിടില്ലെന്ന തൻ വാഗ്ദത്തമു   തിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ-

5 വിശ്വാസം കാത്തു ഓട്ടം ഓടിയെൻ
ആയുസ്സെല്ലാം നല്ലപോർ നടത്തും ഞാൻ-
പിന്നെയെൻ യേശുവിൻ പാദമണഞ്ഞു ഞാൻ
എന്നാളും സ്തോത്രഗീതം പാടിടും-

G.P.